പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6880 — 02/11/2011-ൽ മറുപടിയ്ക്ക്

ലാൻഡ് അക്വിസിഷൻ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |
| (എ) നിലവിലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ കാതലായ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) & (ബി) |
| (ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | സംസ്ഥാനത്ത് ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടത്തി വരുന്നത് കേന്ദ്ര സർക്കാരിന്റെ 1894-ലെ ഭൂമി ഏറ്റെടുക്കൽ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. തീരെ അപര്യാപ്തമായ നഷ്ടപരിഹാരവും വിശദമായ പുനരധിവാസ നയത്തിന്റെ അഭാവവും ഈ നയത്തിനെതിരെ പരാതികളുയരാൻ ഇടവരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വികസനാവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു പുനരധിവാസ നയം സർക്കാർ പരിഗണിച്ചുവരുന്നു. ഭൂദാതാക്കളായ കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള ഭൂമി ലഭ്യമാക്കുക, കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബത്തിലെ ഒരംഗത്തിന് ജോലി ലഭ്യമാക്കുക, ഭൂവിലയിലുണ്ടായ വർദ്ധനയ്ക്ക് ആനുപാതികമായ ആനുകൂല്യം ലഭിക്കുന്ന തരത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ പുറപ്പെടുവിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ പുതിയ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.